പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ 713

14-07-2014 ൽ മറുപടിക്ക്

**അഗ്രോ സർവ്വീസ് സെന്ററുകൾ വഴി യന്ത്ര സാമഗ്രികൾ**

ചോദ്യം

ഡോ.എൻ.ജയരാജ്

ശ്രീ. റോഷി അഗസ്റ്റിൻ

ശ്രീ.എം.വി.ശ്രേയാംസ് കുമാർ

ശ്രീ.പി.സി.ജോർജ്

ഉത്തരം

ശ്രീ.കെ.പി. മോഹനൻ

(കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) അഗ്രോ സർവ്വീസ് സെന്ററുകൾ വഴി കർഷകർക്ക് കാർഷികവൃത്തി കൂടുതൽ എളുപ്പമുള്ളതാക്കാൻ സഹായിക്കുന്ന യന്ത്രസാമഗ്രികൾ നൽകുന്നതിന് പദ്ധതി യുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | ഉണ്ട്. 2012-13 സാമ്പത്തിക വർഷം തെരഞ്ഞെടുത്ത 35 കേന്ദ്രങ്ങളിൽ അഗ്രോ സർവ്വീസ് സെന്ററുകൾ സ്ഥാപിച്ചു. ഈ സാമ്പത്തിക വർഷം സംസ്ഥാനത്ത് 50 കേന്ദ്രങ്ങളിൽ കൂടി അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങാനുള്ള പദ്ധതിയുണ്ട്. കാർഷിക യന്ത്രസാമഗ്രികൾ വാങ്ങുന്നതിനായി ഒരു അഗ്രോ സർവ്വീസ് സെന്ററിന് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ യന്ത്രസാമഗ്രികൾ കർഷകർക്ക് മിതമായി വാടകയ്ക്ക് നൽകുന്നതാണ്. കൂടാതെ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രാരംഭ ചെലവുകൾക്ക് 7 ലക്ഷം രൂപയും വകയിരുത്തി യിട്ടുണ്ട്. അങ്ങനെ ഒരു അഗ്രോ സർവ്വീസ് സെന്ററിന് 32 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ബി) ഇടുക്കി പോലുള്ള ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾ വഴി അവിടത്തെ ഭൂപ്രകൃതിക്കും കാർഷിക രീതിയ്ക്കും അനുയോജ്യമായ യന്ത്രസാമഗ്രികൾ പ്രത്യേകിച്ച് 'ജോണ്ടിയർ' ഉൾപ്പെടെയുള്ള യന്ത്രസാമഗ്രികൾ നൽകുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്. ഓരോ അഗ്രോ സർവ്വീസ് സെന്ററുകളുടെയും സുഗമമായ നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനാ യിട്ടുള്ള കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി തീരുമാനിക്കുന്ന യന്ത്രോപകരണങ്ങളാണ് വാങ്ങുന്നത്. ഇടുക്കി പോലുള്ള ഹൈറേഞ്ച് മേഖലയിൽ പ്രവർത്തിക്കുന്ന അഗ്രോ സർവ്വീസ് സെന്ററുകൾക്ക് അവിടുത്തെ ഭൂപ്രകൃതിക്കും കാർഷിക രീതിക്കും അനുയോജ്യമായ യന്ത്രസാമഗ്രികൾ കമ്മിറ്റിയുടെ തീരുമാന പ്രകാരം വാങ്ങാവുന്നതാണ്. |

സെക്ഷൻ ഓഫീസർ